# തവക്കുൽ

توكل

അബ്ദുൽ ഹകീം ഹസൻ

# തവക്കുൽ

അബ്ദുൽ ഹകീം ഹസൻ

നിറദയാർദ്രനും ദയാലുവുമായ അല്ലാഹുവിന്റെ
നാമത്തിൽ. ഉലകങ്ങൾക്കുടയോനായ
അല്ലാഹുവിനാണ് സ്തുതി. നിറദയാർദ്രൻ ദയാലു.
മൂല്യവിധിനാളിന്നധിപതി.
ഞങ്ങൾ നിനക്കു മാത്രം വഴിപ്പെടുന്നു, ഞങ്ങൾ
നിന്നോട് മാത്രം തുണയിരിക്കുന്നു.
നേർപാതയിലേക്ക് നീ ഞങ്ങളെ നയിക്കേണമെ
നീ പ്രസാദിച്ചവരുടെ പാത
നീ ദ്വേഷിച്ചവരുടെയല്ല, ഭ്രംശ മാർഗികളുടേതുമല്ല.

ഭൂമിയിലെ ജനങ്ങളധികവും അല്ലാഹുവെ രക്ഷിതാവാ (റബ്ബ്) യി അംഗീകരിക്കുന്നവരാണ്. മത വിഭാഗങ്ങളിൽ ഭൂരിപക്ഷവും അല്ലാഹുവിന്റെ രക്ഷാകർതൃത്വം (റുബൂബിയ്യ) സമ്മതിക്കുന്നുമുണ്ട്. അതിൽ ബഹു ദൈവവാദത്തെ സ്വാംശീകരിച്ചവരുണ്ട്. സദ്പന്ഥാവ് വിട്ടൊഴിഞ്ഞ് ഭ്രംശമാർഗം സ്വീകരിച്ച വേദക്കാരുണ്ട്. **"മണ്ണും വിണ്ണും പടച്ചതാരെന്ന് അവരോട് ചോദിച്ചു നോക്കൂ. അരുണേന്ദുക്കളെ കീഴ്പ്പെടുത്തിയതാരെന്നും അവരോട് ആരായുക. അവർ പറയും, അല്ലാഹുവെന്ന്. എന്നിട്ടും അവരെന്തിന് തിരിഞ്ഞു കളയുന്നു"** (29 : 61)

കഴിവിലും പ്രാപ്തിയിലും സഹകാരിയില്ലാത്ത സമ്പൂർണ സൃഷ്ടാവായും പരിപാലകനായും ജനിമൃതിക്കുടയോനായും അപകാരോപകാരമേകുന്നവനായും ഗുണദോഷങ്ങൾക്കധിപനായും അല്ലാഹുവെ അംഗീകരിക്കൽ അവന്റെ രക്ഷാകർതൃത്വ (റുബൂബിയ്യ) ത്തെ സമ്മതിക്കലാണ്. തന്റെ അടിമക്ക് മേലുള്ള അവന്റെ വിധിതീരുമാ (ഖദാഅ് വ ഖദർ / ഹുകുമുൽ ഖദരി) നങ്ങൾ യാതൊരേറ്റക്കുറച്ചിലുകളുമില്ലാതെ

യഥാവിധി സംഭവിക്കുമെന്നത് ഒരു യാഥാർത്ഥ്യമാണ്. അടിമകളുമായുള്ള അവന്റെ സമസ്ത ഇടപാടുകളുമാണ് റുബൂബിയ്യയിലുള്ളത്.

ഈ ഖഗോളത്തിൽ ഉണ്ടായതും ഭവിക്കുന്നതും ആയിത്തീർന്നേക്കാവുന്നതുമൊക്കെ വന്നുകൂടുന്നത് അല്ലാഹുവിന്റെ ഇച്ഛ (മശീഅത്) യനുസരിച്ച് മാത്രമാണ്. അതായത്, അല്ലാഹു ഇച്ഛിക്കുന്നത് മാത്രം നടക്കുന്നു, അവൻ ഇച്ഛിക്കാത്തതൊന്നും സംഭവിക്കുന്നുമില്ല.

നമ്മിലും, നമ്മുടെ പരിസരത്തുമുള്ള സമസ്ത ചേതനയിലും അന്തർഭവിച്ചിട്ടുള്ള ശക്തി, കഴിവ് ഒക്കെ അല്ലാഹുവിന്റെ വരദാനമാണ്. ദൈവ തുണയേതുമില്ലാതെ ഗുണകരമായത് നേടിയെടുക്കാനൊ, ദോഷകരമായത് തട്ടിയകറ്റാനൊ നമുക്കാർക്കുമാവില്ല. അതിനാൽ ഓരോ സൃഷ്ടിയും ഏതുനേരവും അല്ലാഹുവിന്റെ റുബൂബിയ്യയുടെ ആവശ്യക്കാരനാണ്. ഒന്നു നിശ്വസിക്കണമെങ്കിൽ, ഒന്ന് കണ്ണിമ ചിമ്മണമെങ്കിൽ പോലും നമുക്ക് അവന്റെ റുബൂബിയ്യ ആവശ്യമുണ്ട്.

തനിക്ക് വന്നു ഭവിച്ചേക്കാവുന്ന ഗുണദോഷങ്ങളും അപകാരോപകാരങ്ങളും അല്ലാഹുവിന്റെ മാത്രം ആധീനതയിലുള്ള താണെന്നും, അല്ലാഹു ഖദറിൽ ഏതൊന്നു തനിക്ക് ഗുണ (ഖയ്റ്) മുള്ളതായി രേഖപ്പെടുത്തിയോ, അത് തനിക്ക് ഗുണമായിത്തന്നെ ഭവിക്കുമെന്നും, അതാർക്കും തന്നിലേക്കെത്തുന്നതിൽ നിന്ന് തടയാനാവില്ലെന്നും, അല്ലാഹു തനിക്ക് ദോഷ (ശർറ്) കരമായി കുറിച്ചതിൽ നിന്ന് ആർക്കും തനിക്ക് സുരക്ഷ ഒരുക്കാനാവുകയുമില്ലെന്നുള്ള ദൃഢബോധം ഇതര വിശ്വാസികളെ അപേക്ഷിച്ച് മുസ്ലിമിനുണ്ട്. തന്റെ നൈമിത്തിക കൃത്യങ്ങളെയും അവസ്ഥാന്തരങ്ങളെയും പ്രതീക്ഷകളെയും അവൻ പൂർണാർത്ഥത്തിൽ അല്ലാഹുവുമായി സംയോജിപ്പിച്ചിരിക്കുന്നു. ഓരോ നിമിഷാംശങ്ങളിലും പൊരുളുകളപ്പാടെ അല്ലാഹുവിന്റെ ഉദ്ദേശ്യ (ഇറാദ) പ്രകാരമാണെന്ന് ഉറച്ചു വിശ്വസിക്കുവാനും, അതിനാൽ സംഭവിക്കുവാൻ പോകുന്ന ഏതൊന്നിലും സ്വന്തത്തെ അല്ലാഹുവിലേക്ക് അർപ്പിക്കുവാനും വിശ്വാസിക്ക് സാധ്യമാകുന്നു. അത്യുന്നതമായ തവക്കുലാണിത്. വിശ്വാസിക്ക് ബാധ്യതയാക്കപെട്ടതും ഈമാനിന്റെ ഉപാധികളിൽ ഉൾപ്പെട്ടതുമാണ് തവക്കുൽ. **"നിങ്ങൾ വിശ്വാസികളെങ്കിൽ അല്ലാഹുവിൽ തവക്കുൽ ചെയ്യുക"** (5 : 21).

ഒരാളുടെ ആശ്രയ (വകാലത്) ത്തിൽ പ്രവേശിക്കുകയും സ്വന്തത്തെ ആ അസ്തിത്വത്തിൽ വിശ്വാസിച്ചേൽപ്പിക്കലുമാണ് തവക്കുൽ. അടിമ തന്റെ സമസ്ത പ്രവൃത്തിയിലും ഇടപാടുകളിലും അനുവദനീയമായതും നിഷിദ്ധമല്ലാത്തതുമായ സംവിധാനങ്ങൾ (അസ്ബാബ്) സ്വീകരിച്ചുകൊണ്ട് ഗുണകരവും ഉപകാരപ്രദവുമായവ നേടിയെടുക്കാനും, ദുരന്തങ്ങളിൽ നിന്നും വിനാശപ്രദമായവയിൽ നിന്നും അകന്നു നിൽക്കുവാനുമുള്ള ശ്രമങ്ങളുടെ ആരംഭനിരന്തരാന്തരം തന്റെ കാര്യങ്ങളപ്പാടെ അല്ലാഹുവിൽ അർപ്പിക്കലാണത്. അല്ലാഹു നൽകിയ കഴിവും ശക്തിയും പ്രാപ്തിയും കൊണ്ട് തന്നാലാവും വിധമൊക്കെ അസ്ബാബ് പ്രയോജനപ്പെടുത്തുമ്പോൾ തന്നെ അല്ലാഹുവുമായി ഇടമുറിയാത്ത ഹൃദയബന്ധം സ്ഥാപിക്കുകയും വേണം.

ഹൃദയവുമായി ബന്ധപ്പെട്ട കർമങ്ങളാണ് (അമലുൽ ഖൽബ്) ശാരീരിക കർമങ്ങ (അമലുൽ ജവാരിഹ്) ളേക്കാൾ പ്രാധാന്യമുള്ളതും ശ്രേഷ്ഠമായതും. കാരണം, അതാണടിസ്ഥാനം. ശാരീരിക പ്രവൃത്തികളെല്ലാം തന്നെ അതിന്റെ സ്കന്ധങ്ങൾ മാത്രമാണ്. ഹൃദയ കർമങ്ങളിൽ ഏറ്റവും വൈശിഷ്ട്യവും ഉത്കൃഷ്ടവുമായത് ഹൃദയത്തിലങ്കുരിക്കുന്ന ഈമാനാണ്. ഇൗ ഈമാനെ സത്യപ്പെടു (തസ്ദീഖ്) ത്തലും സമ്മതിക്ക (ഇഖ്റാർ)

ലുമൊക്കെ ഹൃദയ കർമങ്ങളുടെ ഭാഗമാണ്. അതേപോലെ, അടിമയുടെ ഹൃദയത്തിലാണ് അല്ലാഹുവോടുള്ള സ്നേഹം (മഹബ്ബത്), അവന്റെ ശിക്ഷയെ കുറിച്ചുള്ള ഭയം (ഖൗഫ്), അവന്റെ വരപ്രസാദത്തിലും അൻപിലുമുള്ള പ്രതീക്ഷ (റജാഅ്), അവന്റെ പ്രാപഞ്ചികവും ശറഈുപരവുമായ വിധിവിലക്കുകൾ അംഗീകരിക്കുന്നതിലുള്ള ക്ഷമ (സ്വബ്ർ), അവന്റെ കഴിവിലും ശക്തിയിലും വിധിയിലുമുള്ള ദൃഢത (യഖീൻ), അവന്റെ സന്നിധിയിലെ വിനയ വിധേയത്വം (ഖുശൂഅ്), അവന്റെ ഗാംഭീര്യത്തിന് മുന്നിലുള്ള കീഴാതുക്കം (ഖുദൂഅ്), അടുത്ത നിമിഷം തനിക്കെന്താണ് സംഭവിക്കാൻ പോകുന്നത് എന്നൊന്നുമറിയാത്ത നിസ്സഹായാവസ്ഥയിൽ തന്റെ ചെറു ചലനങ്ങളെ പോലും അവനോട് ബന്ധിപ്പിക്കുന്ന സമർപ്പണം (തവക്കുൽ), തന്റെ ഓരോ ചലനങ്ങളെയും വിചാരണ ചെയ്ത് അതിന്റെ ന്യൂനതകളിൽ മനമുരുകി വിലപിച്ചു അവനിലേക്കുള്ള മടക്കം (ഇനാബ) ഒക്കെ പുഷ്പിക്കുന്നത്.

# തവക്കുൽ എന്ന ഹൃദയ കർമം

തവക്കുൽ യഥാർത്ഥത്തിൽ ഒരു ഹൃദയ കർമമാണ്. നെഞ്ചകമാണതിന്റെ കേന്ദ്രം. അത് യഥാർത്ഥത്തിൽ ഇബാദതും, വഴിപ്പെടലിന്റെ മാർഗവുമാണ്. വിശ്വാസത്തിന്റെ ഉപാധിയാണ്. അതുകൊണ്ടാണ് തൗഹീദിനെ ഹൃദയത്തിന്റെ ഭാഷ്യമായും തവക്കുലിനെ ഹൃദയത്തിന്റെ കർമവുമായി വ്യാഖ്യാനിക്കുന്നത്. അതുകൊണ്ടു കൂടിയാണ് തൗഹീദിന്റെ അർധാംശമായി പണ്ഡിതന്മാർ അതിനെ എണ്ണിയത്. '*തൗഹീദുൽ ഉലൂഹിയ്യതി വൽ ഇബ്ലാസ്*'ന്റെ മറു ഭാഗമായി

*'തൗഹീദുൽ ഉലൂഹിയ്യതി വത്തവക്കുൽ'*
സ്മരിക്കപ്പെടുന്നതിന് അവർ ഖുർആനെ വേണ്ടുവോളം ഉദ്ധരിക്കുന്നുണ്ട്.

**"ഞങ്ങൾ നിനക്ക് മാത്രം ഇബാദത് ചെയ്യുന്നു, നിന്നോട് മാത്രം സഹായമർത്ഥിക്കുന്നു"** (1 : 5) എന്നതിലെ ഇബാദതിന് *'തൗഹീദുൽ ഉലൂഹിയ്യ*യുമായും, സഹായാർത്തന (ഇസ്തിആന) ക്ക് *'തൗഹീദുർ റുബൂബിയ്യ*യുമായാണ് ബന്ധം. ഇബാദത്, നിഷ്കളങ്ക (ഇഖ്ലാസ്) വും പ്രവാചകചര്യ (സുന്നത്) അടിസ്ഥനപ്പെടുത്തിയുള്ളതുമായിരിക്കണം. അവയുടെ അഭാവം പ്രകടനപരത (രിയാഅ്) ക്കും പുത്താനാചാര (ബിദ്അത്) ത്തിനും വഴിതുറക്കുന്നു. സൃഷ്ടികളോടുള്ള ഭയവും അവരിലുള്ള പ്രത്യാശയും അങ്ങനെ ജന്മം കൊള്ളുന്നു. ഭയപ്പാടും പ്രത്യാശയും സ്രഷ്ടാവിൽ നിന്ന് സൃഷ്ടിയിലേക്ക് നീങ്ങുമ്പോൾ അവരോട് സഹാർത്ഥനക്ക് വഴി തുറക്കുകയായി. സഹാർത്ഥനക്ക് *തൗഹീദുർറുബൂബിയ്യ*യുമായാണ് ബന്ധം. അടിമയുടെ ഉടമയോടുള്ള തേട്ടമാണത്. സൃഷ്ടിയുടെ സ്രഷ്ടാവിനോടുള്ള 'ഇസ്തിആന'. സർവതും ഉടമ അർപ്പിക്കുന്ന തവക്കുൽ അതിന്റെ മൂർത്തഭാവമാണ്. ദൈവബോധത്തെ തന്നെ വിസ്മരിക്കുന്ന ഉദാസീനത (ഗഫ്ലത്) അതിന്റെ അഭാവത്തിൽ രംഗം കീഴടക്കും. തവക്കുലിന്റെ കുറവ് അല്ലാഹുവോടുള്ള

സഹാർത്ഥനയെ ദുർബലപ്പെടുത്തും. അല്ലാഹുവിൽ പ്രത്യാശയും പ്രതീക്ഷയും പുലർത്തേണ്ടതിന് പകരം സ്വകഴിവിൽ പ്രതീക്ഷയർപിക്കും. അതോടെ താൻപോരിമയും  അഹങ്കാരവും പ്രത്യക്ഷമാകാൻ തുടങ്ങുന്നു. ഇബാദതിലെ ദോഷങ്ങൾ ഇതര സൃഷ്ടികൾ വഴി ബഹുദൈവത്വത്തിലേക്ക് അടുപ്പിക്കുമ്പോൾ, ഇസ്തിആനയിലെ കുഴപ്പങ്ങൾ സ്വന്തത്തിലൂടെയാണ് ബഹുദൈവത്വത്തിലേക്ക് അടുപ്പിക്കുന്നത്.

ഇബാദതും തവക്കുലും തമ്മിലുള്ള വിഭക്തത വ്യക്തമാക്കിക്കൊണ്ട് ഇബ്നു റജബ് എഴുതുന്നു, "സ്രഷ്ടാവായ അല്ലാഹുവോടുള്ള സഹാർത്ഥന അത്യന്താപേക്ഷിതമാണ്. സൃഷ്ടിയോട് അർത്ഥിക്കുന്നതിൽ അനിവാര്യതകളേതുമില്ലാതാനും. തന്റെ ആവശ്യങ്ങൾ നിരത്തുന്നതിലൂടെ ചോദ്യകർത്താവ് ചോദിക്കപ്പെടുന്നവന്റെ സന്നിധിയിൽ ഭവ്യത, ആദരവ്, കീഴൊതുക്കം എനിവ പ്രകടിപ്പക്കുന്നുണ്ട്. ചോദ്യകർത്താവിന് ചോദിക്കപ്പെടുന്നവനിൽ സമ്പൂർണ വിശ്വാസം ഉണ്ടായിരിക്കും. തന്റെ നിവൃത്തിയില്ലായ്മ പരിഹരിക്കപ്പെടുമെന്നും, കാര്യലാഭമേകിക്കൊണ്ട് ദോഷകരമായത് തടയുമെന്നും അവൻ വിശ്വസിക്കുന്നു. ചോദിക്കുന്നവൻ ചോദിക്കപ്പെടുന്നവനിൽ തന്റെ കാര്യങ്ങളപ്പാടെ ഭരമേൽപ്പിക്കുന്നതോടോപ്പം അവന്

വഴിപ്പെടുകയും ചെയ്യുന്നു. അതിനാൽ അല്ലാഹു അല്ലാത്തവരോട് സഹായമർത്ഥിക്കുന്നത് അവർക്കുള്ള ഇബാദതും അവരിലുള്ള തവക്കുലുമാണ്" (അത്തവക്കുൽ നിസ്ഫുത്തൗഹീദ്, താൾ 16).

സ്രഷ്ടാവായ അല്ലാഹുവിലല്ലാതെ മറ്റാരിലും പ്രത്യാശ പുലർത്താതെ കാര്യങ്ങളുപ്പാടെ അല്ലാഹുവിൽ അർപ്പിക്കുകയും അവനോട് മാത്രം സഹായമർത്ഥിക്കലുമാണ് തൗഹീദ്. ഇമാം അഹ്മദ് പറഞ്ഞു, "സൃഷ്ടിയോട് സഹായമർത്ഥിക്കലും, അങ്ങനെയുള്ള ഉദ്ദേശ്യത്തയും താത്പര്യത്തെയും ഉപേക്ഷിക്കലുമാണ് തവക്കുൽ" (അസ്സുഹ്ദ് ഇൻദസ്സലഫിയ്യ 110). അല്ലാഹുവിലുള്ള ഇബാദതിനും അവനിലുള്ള തവക്കുലിനും ഇടയിലുള്ള ഇഴപിരിയാബന്ധം ദ്യോതിപ്പിച്ചു കൊണ്ടും, തൗഹീദിന്റെ സമ്പൂർണതയാൽ അവയുടെ പ്രാധാന്യം വ്യക്തമാക്കിക്കൊണ്ടും ഖുർആനിൽ ആറ് വ്യത്യസ്ത ഇടങ്ങളിൽ ഈ ദ്വന്ദം സ്മരിക്കപ്പെട്ടിട്ടുണ്ട്. **"ഞങ്ങൾ നിനക്ക് മാത്രം ഇബാദത് ചെയ്യുന്നു, നിന്നോട് മാത്രം സഹായമർത്ഥിക്കുന്നു"** (1 : 5) **"അവനിൽ ഞങ്ങൾ തവക്കുൽ ചെയ്യുന്നു, അവനിലേക്ക് ഞങ്ങൾ താഴ്മയോടെ മടങ്ങുന്നു"** (11 : 88) **"ആകയാൽ നീ അവനെ ഇബാദത് ചെയ്യുക, അവനിൽ തവക്കുൽ ചെയ്യുക"** (11 : 123) **"അവനാണ് എന്റെ രക്ഷിതാവ്, അവൻ അല്ലാത്ത**

**ഒരു ദൈവവും ഇല്ല. അവന്റെ മേൽ ഞാൻ തവക്കുൽ ചെയ്യുന്നു, അവനിലേക്കാണ് എന്റെ മടക്കം**" (13 : 30) **"നിന്നിൽ ഞങ്ങൾ തവക്കുൽ ചെയ്യുന്നു, നിന്നിലേക്ക് ഞങ്ങൾ മടങ്ങുന്നു**" (60 : 4) **"അവൻ അല്ലാതെ ഒരു ദൈവവും ഇല്ല. അതിനാൽ അവനെ ഭരമേൽപ്പിക്കേണ്ടവനാ (വക്കീൽ) യി സ്വീകരിക്കുക**" (73 : 9).

നിർബന്ധതക്കും അനുവദനീയതക്കുമൊപ്പം നിഷിദ്ധതയുടെയും ഒരു തലമുണ്ട് തവക്കുലിന്. അവയെല്ലാം കൃത്യതയോടെയും അവക്രധാരണയോടെയും നാം യഥാവിധി അറിഞ്ഞിരിക്കേണ്ടതുണ്ട്.

ഫലപ്രാപ്തി ലക്ഷ്യം വെച്ചു കൊണ്ടുള്ള ഓരോ പ്രവൃത്തിയിലും, വിനാശകരായതിൽ നിന്നകന്ന് നിൽക്കാനുള്ള ഏതൊരു ശ്രമത്തിലും അനുവദനീയ നിമിത്തങ്ങൾ പ്രയോജനപ്പെടുത്തുമ്പോൾ തന്നെ പരിണതഫലത്തിന്റെ ഗുണദോഷങ്ങളെ അല്ലാഹുവിൽ തന്നെ ഭരമേൽപ്പിക്കലാണ് നിർബന്ധമായ തവക്കുൽ.

ഒരാൾ രോഗിയായി. ഓരോ രോഗത്തിനും അല്ലാഹു മറുമരുന്ന് സൃഷ്ടിച്ചിട്ടുണ്ടെന്ന പ്രവാചക വചനത്തിന്റെ

വെളിച്ചത്തിൽ അയാൾ വൈദ്യനെ സമീപിച്ചു കൊണ്ട് മരുന്ന് വാങ്ങിക്കഴിക്കുകയും പരിണതിയപ്പാടെ അല്ലാഹുവിൽ ഭരമേൽപ്പിക്കുകയും ചെയ്തു. ദൈവവിധിയാൽ തനിക്ക് പിടിക്കപ്പെട്ട രോഗത്തിന്റെ പേരിൽ അയാൾ അസ്വസ്ഥചിത്തനായില്ല. ദൈവ നിശ്ചയത്തിൽ വിശ്വസിച്ചു കൊണ്ട് ക്ഷമ കൈക്കൊള്ളുന്നതോടൊപ്പം മരുന്ന് കഴിച്ചുകൊണ്ട് തന്റെ രോഗ ശമനത്തിനായി ആയാൽ അല്ലാഹുവോട് പ്രാർത്ഥിച്ചു. തന്റെ ആവലാതികളും ശാരീരിക വിഷമതകളും അല്ലാഹുവെ മാത്രം ബോധിപ്പിച്ചു. അങ്ങനെ അല്ലാഹു അയാൾക്ക് രോഗശമനമേകിയാൽ അയാൾ അല്ലാഹുവോട് കൃതജ്ഞത പുലർത്തുന്നു. ഇനി, ദൈവേച്ഛ മറിച്ചാണെങ്കിൽ അയാൾ തുടർന്നും ക്ഷമിക്കുന്നു

മറ്റൊരാൾ രോഗിയായി. ഇന്നാലിന്ന രോഗത്തിന് ഇന്നാലിന്ന മരുന്നുകളുണ്ടെന്ന് അറിയാവുന്ന അയാൾ ഡോക്ടറെ ചെന്നു കണ്ട് മരുന്നു വാങ്ങിക്കഴിച്ചു. തന്റെ കാര്യങ്ങൾ അല്ലാഹുവിൽ ഭരമേൽപിക്കാനൊന്നും അയാൾ തയ്യാറായില്ല. താൻ ഉപദേശം സ്വീകരിച്ച ഡോക്ടറുടെ കൈപ്പുണ്യത്തിലും മരുന്നിന്റെ ഗുണനിലവാരത്തിലും വിശ്വാസവും പ്രതീക്ഷയും പുലർത്തി അയാൾ കഴിഞ്ഞു. അങ്ങനെ രോഗം ശമിച്ചാൽ അയാൾ ആമോദം കൊള്ളുന്നു. ഡോക്ടറെ

പുകഴ്ത്തുകയും മരുന്നിന്റെ ഗുണമേന്മ വിവരിക്കുകയും ചെയ്യുന്നു. പക്ഷേ, അയാൾ അല്ലാഹുവെ സ്തുതിക്കുന്നില്ല. ഇനി, രോഗം ശമിച്ചില്ലെങ്കിലോ അയാൾ അക്ഷമനും വ്യാകുലനും ഖിന്നനുമാകുന്നു.

ഇവർ ഇരുവർക്കും ഇടയിലെ പൊരുത്തക്കേട് ഒന്ന് മാത്രമാണ്. പ്രഥമ വ്യക്തിയുടെ അന്തരംഗത്ത് തവക്കുൽ ഉണ്ടായിരുന്നു. രണ്ടാമന് അതുണ്ടായിരുന്നില്ല.

ആദ്യത്തെ ആൾ നിമിത്തങ്ങളും സംവിധാനങ്ങളും ഉപയോഗപ്പെടുത്തിക്കൊണ്ട് സർവതും അല്ലാഹുവിൽ ഭരമേൽപ്പിച്ചു. രണ്ടാമൻ നിഷിദ്ധമായ തവക്കുൽ സ്വീകരിച്ചു. അല്ലാഹുവിനെ മാറ്റി നിർത്തിക്കൊണ്ട് ഭൗതിക സംവിധാനങ്ങളെയും കാര്യകാരണങ്ങളെയും മാത്രം അവലംബിച്ചു. അതിൽ മാത്രം ഭരമേൽപ്പിച്ചു. ഗുണദോഷങ്ങളും അപകാരോപകരങ്ങളുമൊക്കെ കാര്യകാരണങ്ങൾ അടിസ്ഥാനമാക്കി മാത്രമാണെന്നും അവയുടെ സ്വാധീനഫലമായി മാത്രം സംഭവിച്ചു കൊണ്ടിരിക്കുന്നതാണെന്ന് ആയാൽ നിനച്ചു. നിഷിദ്ധതയുടെ തലമാണത്.

അനുവദനീയതയുടെ തലമാണ് മൂന്നമത്തേത്. തനിക്ക് സ്വന്തം നിലക്ക് നിർവഹിക്കുവാനൊ, പ്രവർത്തിച്ച് പൂർത്തീകരിക്കുവാനൊ സാധിക്കാത്ത ഏതെങ്കിലുമൊരു കാര്യത്തിൽ മറ്റൊരാളെ ഉത്തരവാദിത്വമേൽക്കുകയും, താൻ ചുമതലപ്പെടുത്തിയ കാര്യത്തിൽ അയാൾ പൂർണ യോഗ്യനാണെന്നുറപ്പിക്കുകയും അയാളെ വിശ്വസിക്കുകയും ചെയ്യുന്ന രീതിയാണത്. താൻ ഏൽപ്പിച്ച കാര്യം വ്യത്തിയോടെയും വെടിപ്പോടെയും അയാൾ പൂർണമായി തന്നെ ചെയ്യുമെന്ന വിശ്വാസം അയാൾക്കുണ്ട്. ഇതനുവദനീയമാണ്. എന്നാൽ തന്റെ കാര്യങ്ങൾ അല്ലാഹു പൂർത്തീകരിച്ചു തരുന്നത് പോലെ ഇയാൾ പൂർത്തീകരിക്കുമെന്നൊ, അല്ലാഹുവിലും ഇയാളിലും ഉറപ്പുണ്ടെന്നോ ഉള്ളിൽ ഒരു ചിന്ത പോലുമുണ്ടാവാനോ, വെറുതെ നാവു കൊണ്ട് മൊഴിയുവാനൊ പാടുള്ളതല്ല. മറിച്ച്, ഇന്ന വിഷയത്തിൽ ഇന്നയാളെ ആശ്രയിക്കുന്നുവെന്ന് മാത്രം കരുതുക. ഒരു സാമൂഹ്യജീവിയെന്ന നിലക്ക് നിത്യജീവിതലോകത്ത് നമുക്ക് മാറ്റി നിർത്താനാവാത്ത ഒരു തലമാണിത്.

ഗുണകരമായതും ഉപകാരപ്രദമായതും സ്വായത്തമാക്കുന്നതിലും, ഉപദ്രവകരമായതിൽ നിന്നും ദോഷകരമായതിൽ നിന്നും സുരക്ഷിതമാക്കുന്നതിലും

തവക്കുലിനു അതിന് റേതായ ഒരിടമുണ്ട്. എന്നാൽ, നിങ്ങൾ സഹാർത്ഥന നടത്തിയാലും ഇല്ലെങ്കിലും, തവക്കുൽ ചെയ്താലും ഇല്ലെങ്കിലും, നിങ്ങളുടെ വിധിനിശ്ചയം (ഖദർ) എങ്ങനെയാണോ രേഖപ്പെടുത്തപ്പെട്ടത് അതപ്പാടെ അങ്ങനെ തന്നെയേ സംഭവിക്കൂ, അതിൽ മാറ്റം വരില്ലെന്നും, അതിനാൽ തവക്കുൽ കേവല പ്രതിഫലത്തിന് മാത്രമുള്ളതാണെന്നുമുള്ള പിഴച്ചവാദക്കാരുണ്ട്. നിയതിവാദി (ജബ്‌രിയ) കളാണവർ. ഹൃദയ-ശാരീരിക കർമങ്ങളുടെ അസാന്നിധ്യത്തിലൂടെയും സ്വർഗ്ഗപ്രാപ്തി കൈവരിക്കാനാവുമെന്ന അത്തരം പിഴച്ച വാദഗതികളെ പ്രവാചകനും സ്വഹാബത്തും പിൽക്കാരക്കാരും ഖണ്ഡിച്ചിട്ടുണ്ട്.

ഉൽകൃഷ്ടമായത് നേടിയെടുക്കുവാനും വിനാശഹേതുക്കളിൽ നിന്ന് പരിരക്ഷ കിട്ടുവാനും അല്ലാഹുവിലുള്ള തവക്കുലും, അതിന്റെ അനുബന്ധങ്ങളായ സഹാർത്ഥന (ഇസ്തിആൻ)യും പ്രാർത്ഥന (ദുആ) യും ക്രമീകരണ (തദ്ബീർ) ങ്ങളുമൊക്കെ ഏറ്റവും നല്ല അസ്ബാബാണ്. അതോടെ അവന് ദൈവസഹായവും അനുഗ്രഹങ്ങളും വാഗ്ദത്ത വിജയവും ലഭിക്കുന്നു, **"ആരെങ്കിലും അല്ലാഹുവിൽ തവക്കുൽ ചെയ്യുകയാണെങ്കിൽ അവന് അല്ലാഹു തന്നെ മതിയാവുന്നതാണ്"** (65 : 3). അല്ലാഹു അടിമക്ക്

മതിയായവൻ ആവുകയെന്നാൽ അതാണ് മഹത്തായ വിജയവും നേട്ടവും. അത്തരം നേട്ടങ്ങൾ അവന് ഗുണവും അനുഗ്രഹവുമാണ്. അത് അപകാരപ്രവണതകളെയും വിനാശഹേതുക്കളെയും തട്ടിയകറ്റുകയും ചെയ്യുന്നു.

അല്ലാഹുവിൽ സർവസ്വവും ഭരമേൽപ്പിച്ചതിനാൽ മാത്രം വിജയം കൊണ്ട് സഹായിക്കപ്പെടുകയും നേട്ടങ്ങളേകിയനുഗ്രഹിക്കപ്പെടുകയും ചെയ്ത പലരെയും ഖുർആൻ ഓർത്തുവെച്ചിട്ടുണ്ട്. ഫിർഔന്റെ അക്രമ മർദ്ദന നിലപാടുകളെ കുറിച്ച ബോധമുള്ളതിനാൽ സ്വന്തം വിശ്വാസം തന്നെ നിഗൂഢമാക്കി വെച്ച ഫിർഔൻ കുടുംബാംഗത്തെക്കുറിച്ച് ഖുർആനിലുണ്ട്. പിന്നീട് ഫിർഔന്റെ ആളുകൾ അദ്ദേഹത്തിനെതിരെ തിരിഞ്ഞപ്പോൾ തന്റെ കാര്യങ്ങളപ്പാടെ അല്ലാഹുവിൽ ഭരമേൽപ്പിക്കുകയുണ്ടായി അദ്ദേഹം (40 : 44). അസന്ദിഗ്ധാവസ്ഥയിൽ തന്നിൽ സ്വയം സമർപ്പിച്ച ആ വിശ്വാസിക്ക് വേണ്ടി അല്ലാഹു ഫിർഔന്റെ ആളുകളെ നശിപ്പിച്ച് കളഞ്ഞു. **"അങ്ങനെ അവരൊരുക്കിയ കുതന്ത്രങ്ങളുടെ ദുഷ്കൃതങ്ങളിൽ നിന്ന് അല്ലാഹു അദ്ദേഹത്തെ കാത്തു. ഫിർഔന്റെ ആളുകളിൽ മാരക ദണ്ഡനമുണ്ടായി."** (40 : 45).

പ്രവാചകനായ ഇബ്രാഹീമിനെ അഗ്നിദീപ്ത ഉലയിലേക്കറിഞ്ഞപ്പോൾ അവിടുന്നിന്റെ പ്രാർത്ഥനയും മറ്റൊന്നായിരുന്നില്ല. അല്ലാഹുവിന്റെ സഹായവാഗ്ദാനവുമായി എത്തിയ മാലാഖയെ പോലും മാറ്റി നിർത്തി സർവവും അല്ലാഹുവിൽ അർപ്പിക്കുകയായിരുന്നു ഇബ്റാഹീം (60 : 4) അതോടെ ക്ഷോഭിച്ചിളകി മറിയുന്ന അഗ്നിശിഖയോട് തന്റെ പ്രിയ കൂട്ടുകാരന് വേണ്ടി കുളിരാകാൻ അല്ലാഹു കല്പിച്ചു. അങ്ങനെ അല്ലാഹു ഇബ്റാഹീമിനെ സുരക്ഷിതനാക്കി (21 : 69).

ഹൂദിൻെറ സമൂഹം അദ്ദേഹത്തെ അവഗണിച്ചു. അദ്ദേഹത്തിന്റെ ഉന്മൂലനം ലക്ഷ്യമാക്കി ഗൂഢതന്ത്രങ്ങൾ മെനഞ്ഞെടുത്തു. **"നിങ്ങൾ അല്ലാഹുവിന് സഹചാരികളാക്കിയവരുമായി ഇല്ലെനിക്കൊരു ബന്ധവും. ഞാൻ അല്ലാഹുവെ സാക്ഷിയാകുന്നു. നിങ്ങളും സാക്ഷിയാവുക. നിങ്ങളെല്ലാവരും എനിക്കെതിരെ ഒത്തൊരുമയോടെ തന്ത്രങ്ങളൊരുക്കുക. എനിക്കൊരു ഇട വേണ്ട. ഞാൻ അല്ലാഹുവിൽ തവക്കുൽ ചെയ്യുന്നു., എന്റെയും നിങ്ങളുടെയും രക്ഷിതാവിൽ. അവൻ നിയന്ത്രിക്കാത്ത ഒരു ജീവിയുമില്ല"** (11 : 55, 56)

ധിക്കാരികളായ ജനത തനിക്കെതിരെ ഗൂഢപദ്ധതികളൊരുക്കിയാലും തന്റെ രക്ഷിതാവിൽ താൻ എല്ലാ കാര്യങ്ങളും ഭരമേൽപ്പിച്ചിട്ടുണ്ടെന്ന് നൂഹ് നിലപാടറിയിക്കുകയുണ്ടായി (10 : 71). തന്നിൽ ഭരമേൽപ്പിച്ച ദൂതനെയും ഒപ്പമുള്ളവരെയും അല്ലാഹു ശത്രുക്കളിൽ നിന്ന് പരിരക്ഷിക്കുകയും, ശത്രു സമൂഹത്തെയപ്പാടെ ഉന്മൂലനം ചെയ്യുകയുമുണ്ടായി.

ഉഹ്ദ് യുദ്ധത്തിൽ ഭൗതിക പരാജയമേറ്റ് വാങ്ങിയ മുസ്‌ലിം ദളത്തെ സമീപിച്ച്, അവർക്കെതിരെ വീണ്ടും അണിനിരന്ന ഖുറയ്ശിപ്പടയുടെ പരാക്രമ വീര്യത്തെക്കുറിച്ച് പറഞ്ഞ് ഭയപ്പെടുത്തുവാനുള്ള ചില ശ്രമങ്ങളുണ്ടായി. മരണങ്ങളുടെയും നഷ്ടങ്ങളുടെയും ആഘാതത്തിൽ കിടുകിടുങ്ങിയ മുസ്‌ലിം സൈന്യത്തിന്, പക്ഷേ ആ വിപത്ജന വാർത്ത വിശ്വാസ ദൃഢത പ്രദാനം ചെയ്യുകയാണുണ്ടയത്. ആ അപായ മുന്നറിയിപ്പ് ശ്രവിച്ച പാടെ അവർ പറഞ്ഞു, **"ഞങ്ങൾക്ക് അല്ലാഹു മതി. തവക്കുൽ ചെയ്യാൻ ഏറ്റവും നല്ലത് അവൻ**" (3 : 173). അവർ കാര്യങ്ങളപ്പാടെ അല്ലാഹുവിൽ ഭരമേൽപ്പിച്ചു. സ്വന്തം വിശ്വാസത്തെ ജ്വലിപ്പിച്ചു നിർത്തി. അപ്പോൾ അല്ലാഹുവിന്റെ ഔദാര്യവും അനുഗ്രഹവും കൊണ്ട് അവർക്ക് മടങ്ങാനായി (3 : 174).

അല്ലാഹുവിൽ ഭരമേൽപിക്കുക വഴി ദുരന്തങ്ങൾ വഴിമാറുകയും അനുഗ്രഹങ്ങൾ പെയ്തിറങ്ങുകയും ചെയ്യുമെന്നതിന് തെളിവായാണ് ഖുർആൻ ഉപര്യുക്ത ഉദാഹരണങ്ങൾ നിരത്തുന്നത്. എന്നിട്ടും നാം എന്തുകൊണ്ട് ഒന്നിനു പുറകെ ഒന്നൊന്നായി പരാജയങ്ങൾ ഏറ്റുവാങ്ങുന്നു? കാര്യങ്ങളെ ഭരമേൽപ്പിക്കാത്തവർ നിരന്തരം വിജയിച്ചു മുന്നേറുകയും ചെയ്യുന്നു!!!

നമ്മുടെ തവക്കുലിലെ ന്യൂനത തന്നെയാണ് അതിന്റെ കരനങ്ങളിലൊന്ന്. നമ്മുടെ ക്ഷമാശക്തിയെ അല്ലാഹു കൂടുതൽ പരീക്ഷിക്കുന്നത് കൊണ്ടു കൂടിയാണ് അങ്ങനെ സംഭവിക്കുന്നത്. അതുമല്ലെങ്കിൽ, നാമർത്ഥിച്ചതിലും ഉത്തമമായത് ഉചിതതാവസരത്തിൽ നൽകുവാനുള്ള ദൈവയുക്തി ഹേതു.

തവക്കുലിന്റെ എല്ലാ അവകാശങ്ങളും ഉപാധികളും പൂർത്തീകരിച്ചു കൊണ്ട് ആര് അല്ലാഹുവിൽ ഭരമേൽപ്പിക്കുന്നുവോ അയാളുടെ സമസ്ത കാര്യങ്ങളും അല്ലാഹു ഏറ്റെടുത്തിരിക്കുന്നു. ഖലീഫ ഉമറിൽ നിന്നുള്ള പ്രവാചക വചനം അത് വ്യക്തമാക്കുന്നുണ്ട്. "നിങ്ങൾ അതിന്റെ എല്ലാ അവകാശങ്ങളോടും കൂടി

അല്ലാഹുവിൽ തവക്കുൽ ചെയ്യുകയാണെങ്കിൽ പറവകൾക്കേകുന്നതുപോലെ അല്ലാഹു നിങ്ങൾക്ക് വിഭവങ്ങളേകും. അത് പ്രഭാതങ്ങളിൽ ഒഴിവയറുമായി കൂട് വിട്ടിറങ്ങുന്നു. പ്രദോഷങ്ങളിൽ നിറവയറുമായി അവ തിരിച്ചെത്തുന്നു" കാര്യങ്ങളോരോന്നും അല്ലാഹുവിൽ ഭരമേൽപ്പിച്ചവർക്ക് ലഭിക്കുന്ന അനുഗ്രഹങ്ങളിലേക്കുള്ള ചൂണ്ടുവിരലാണീ പ്രവാചകവചനം.

അല്ലാഹുവിൽ ഭരമേൽപ്പിച്ചവൻ അസ്ബാബിന്റെ ധാരാളിത്തം കണ്ട് അഹങ്കരിക്കുകയൊ അഹന്ത നടിക്കുകയൊ ഇല്ല. അവയുടെ വിരളതയിൽ ഉദാസീനനൊ ഖിന്നനൊ ആവുകയില്ല. അതിന്റേതായ അവകാശത്തോടു കൂടി (കമാ ഹഖഹു) അല്ലാഹുവിൽ ഭരമേൽപിക്കുക പ്രയാസമേറിയ കാര്യം തന്നെയാണ്. കാരണം, മനുഷ്യന്റെ സഹജ പ്രകൃതിയിലുള്ള അഹങ്കാരവും അലസതയും ഉദാസീനതയുമൊക്കെ തവക്കുലിന്റെ സമ്പൂർണതക്ക് വിഘനമായി നിൽക്കുന്നു.

അതിന്റേതായ സമസ്ത സൗന്ദര്യവും അവകാശവും ഉൾക്കൊണ്ട് കൊണ്ടും നിറവേറ്റിക്കൊണ്ടും അല്ലാഹുവിലെ തവക്കുൽ സമ്പൂർണമാക്കേണ്ടത്തിന്

നാം കടന്നു പോകേണ്ടതായ ചില തലങ്ങളുണ്ട്. തവക്കുലിന്റെ മൂർത്തത സാധ്യമാകാൻ പ്രസ്തുത നിലകളിലൂടെയുള്ള ഗമനം അനിവാര്യമാണ്.

## തവക്കുൽ ഇങ്ങനെ സാധ്യമാക്കാം?

അല്ലാഹുവെ കുറിച്ച ജ്ഞാനമാണ് അതിന്റെ പ്രഥമ തലം. നമ്മുടേതായ ഓരോ ഇടപാടുകൾക്കും സംഭവങ്ങൾക്കും അല്ലാഹുവിന്റെ പര്യാപ്തത (കിഫായ) തിരിച്ചറിയപ്പെടേണ്ടതുണ്ട്. പ്രപഞ്ചത്തിലെ സകല കാര്യങ്ങളെയും ചൂഴ്ന്നു നിൽക്കുന്ന അവന്റെ നിയന്ത്രണാധികാര (ഖയ്യൂമിയ) ത്തെ കുറിച്ച ഉറച്ച ബോധവും നമുകുണ്ടാവണം. ഭൂഗോളത്തിലെ സമസ്ത ചരാചരങ്ങളുടെയും മേലുള്ള അല്ലാഹുവിന്റെ ഉടമസ്ഥാവകാശ (മിൽകിയ) ത്തെ കുറിച്ച ഉറപ്പും വേണം. ഇത്തരം തിരിച്ചറിവുകളും ജ്ഞാന ബോധവും

എത്രമാത്രം ദൃഢവും ശക്തവുമാകുന്നുവോ അത്രത്തോളം തവക്കുലിന്റെ തോതും അധികരിക്കുന്നു.

അല്ലാഹു ധരണിയെ കാര്യകാരണാലയ (ദാറുൽ അസ്ബാബ്) മായാണ് സൃഷ്ടിച്ചത്. ഏതെങ്കിലും കാര്യത്തിനായി കാരണം സ്വീകരിച്ചാൽ അതിന്റെ പരിണതിയായിട്ടായിരിക്കും ഫലം പ്രാപ്തമാവുക. നിമിത്തങ്ങൾ സ്വീകരിക്കൽ തവക്കുലിന് വിരുദ്ധമല്ല. എന്നല്ല, തവക്കുലിന്റെ ഭാഗം തന്നെയാണത്.

ഇസ്ലാമിക കാര്യങ്ങളിൽ ഭക്തി (തഖ്വ) യുടെ സ്ഥാനം വലുതാണ്. **"അല്ലാഹുവെ സൂക്ഷിക്കുന്നവർക്ക് അവൻ പോംവഴിയേകുന്നു. അവന് കണക്കാക്കാനാവാത്ത വിധം അവന് ഉപജീവനമേകുന്നു. ആര് അല്ലാഹുവിൽ തവക്കുൽ ചെയ്യുന്നുവോ അവന് അല്ലാഹു മതിയായവനാണ്"** (65 : 2, 3). അല്ലാഹുവെ സൂക്ഷിക്കുക എന്ന സബബിന്റെ ഫലമായാണ് അവർക്ക് മുന്നിൽ അല്ലാഹു രക്ഷാമാർഗങ്ങൾ തുറന്നു വെക്കുന്നത്. അല്ലാഹുവെ സൂക്ഷിക്കുകയും അവനോട് ഭക്തി പുലർത്തുകയും ചെയ്യുന്നു എന്നതു കൊണ്ടു മാത്രമാണ് അവർ പോലുമറിയാതെ അല്ലാഹു അവർക്ക് വിഭവങ്ങളേകിയത്.

അല്ലാഹുവിൽ ഭരമേൽപ്പിക്കുന്നവരുടെ അമരക്കാര
(സയ്യിദുൽ മുതവക്കിലീൻ) നായിരുന്നു
അന്ത്യപ്രവാചകൻ. അസ്ബാബ്
ഉപയോഗപ്പെടുത്തിക്കൊണ്ടുള്ള തവക്കുൽ ആയിരുന്നു
അവിടുന്നിന്റെ ചര്യ. പ്രവാചക ജീവിതത്തിലുടനീളം
അതിന്റെ തേജാപ്രസരണം ദർശിക്കാനാവുന്നതാണ്.
ഖുറയ്ശികളുടെ വധശ്രമത്തെ അതിജീവിച്ചു കൊണ്ട്
മക്കയിൽ നിന്ന് മദീനയിലേക്കുള്ള പലായനത്തിൽ,
മാലോകർക്ക് വഴികാട്ടിയായ പ്രവാചകൻ
ബഹുദൈവവാദിയായ ഒരാളെ വഴികാട്ടിയായി കൂടെ
കൂട്ടുന്നു. ഒരു യുദ്ധവേളയിൽ അവിടുന്ന് ഒന്നിനു
മുകളിലൊന്നായി രണ്ടോളം പടച്ചട്ടകൾ
ധരിച്ചിട്ടായിരുന്നു ശത്രുക്കളെ നേരിട്ടത്. നദീർ ഗോത്രത്തെ
പരാജയപ്പെടുത്തി സ്വന്തമാക്കിയ യുദ്ധമുതലിൽ നിന്ന്
കൈവന്ന ഈത്തപ്പഴം വിറ്റു കിട്ടിയ പണം സ്വന്തം
വീട്ടുകാർക്കുള്ള ഒരു വർഷത്തേക്കുള്ള കുടുംബ
ബജറ്റിലേക്ക് നീക്കി വെക്കുകയുണ്ടായി. ഒട്ടകത്തെ
നന്നായി ബന്ധിച്ച ശേഷം അല്ലാഹുവിൽ
ഭരമേൽപ്പിക്കുവാനായിരുന്നു പ്രവാചകൻ
അനുയായികളെ ഉപദേശിച്ചിരുന്നത്.
പ്രവാചകാനുചരന്മാരിലെ പ്രമുഖനായ ഉമർ പറഞ്ഞത്,
ധാന്യങ്ങൾ കുഴിച്ചിട്ട ശേഷം അല്ലാഹുവിൽ
ഭരമേൽപ്പിക്കുന്നവനാണ് മുതവക്കിൽ എന്നാണ്.
പ്രവാചകനെയും അവിടുന്നിന്റെ ഉപദേശ

നിർദേശങ്ങളെയും യഥാവിധി തിരിച്ചറിഞ്ഞ ഒരു ഭക്തന്റെ ഒരോർമ്മപ്പെടുത്തലായിരുന്നു അത്.

പ്രവാചകനായ യഅ്ഖൂബ് തവക്കുലിന്റെയും സബറിന്റെയും ആൾ രൂപമായിരുന്നു. പുത്രവിയോഗ വാർത്തയുമായി എത്തിയ ഇതര മക്കളോട് ക്ഷമയാണ് ഭംഗിയെന്നും തന്റെ സഹാർത്ഥന (ഇസ്തിആന) അല്ലാഹുവോടാണ് (12 : 18) എന്നും പറഞ്ഞ് തന്റെ കാര്യങ്ങളപ്പാടെ അല്ലാഹുവിൽ ഭരമേൽപ്പിച്ചിരുന്നു അദ്ദേഹം. പിന്നീട് ഈജിപ്തിൽ ചെല്ലുമ്പോൾ വ്യത്യസ്ത മാർഗങ്ങളിലൂടെ മാത്രമേ നഗരത്തിൽ പ്രവേശിക്കാവൂ എന്ന് അദ്ദേഹം മക്കളെ ഉപദേശിക്കുകയുണ്ടായി. രാജഭരണം നിലനിൽക്കുന്ന ഒരു വിദേശരാജ്യ നഗരത്തിലേക്ക് ജാഗ്രതയോടെയും സൂക്ഷ്മാവധാനതയോടെയും ശ്രദ്ധയോടെയുമാവണം പ്രവേശിക്കേണ്ടത്, അത് സുരക്ഷിതത്വത്തിന്റെ മാർഗമാണെന്നും, ബുദ്ധ്യുപദേശം നടത്തിയ അദ്ദേഹം അല്ലാഹുവിൽ നിന്നുള്ള ഒന്നിനെയും ആർക്കും തടയാനാവില്ലെന്നുമുള്ള ഓർമ്മപ്പെടുത്തലുകളോടെ അല്ലാഹുവിൽ സർവസ്വവും ഭരമേൽപ്പിച്ചു (12 : 67). മൂസ - ഖദിർ കഥയിൽ, സുകൃതിയായ പിതാവ് തന്റെ കുഞ്ഞുങ്ങൾക്ക് വേണ്ടി മതിൽക്കെട്ടിന് കീഴിൽ നിധി ഒളിപ്പിച്ചു വെച്ചതിനെ കുറിച്ച് പറയുന്നുണ്ട്. അനാഥരായ കുഞ്ഞുങ്ങൾക്ക് വേണ്ടി അല്ലാഹു അത്

സംരക്ഷിക്കുകയും മൂസ - ഖദിർ മുഖേന അതവർക്ക് തിരിച്ചേൽക്കുകയും ചെയ്തു (18 : 82).

ശരീരത്തെ കാര്യകാരണങ്ങൾക്കൊപ്പം നിർത്തുമ്പോൾ തന്നെ ഹൃദയത്തെ സമ്പൂർണമായും അല്ലാഹുവിലേക്ക് പരിവർത്തിപ്പിക്കണം. അസ്ബാബ് ഉപേക്ഷിക്കൽ പ്രമാണ (നഖ്ൽ) ത്തിനും പ്രജ്ഞ (അഖ്ൽ) ക്കും വിരുദ്ധമാണ്. അത് നിയമ സംഹിത (ശരീഅ) ക്കും നൈസർഗിക സ്വഭാവ (ഫിത്റ) ത്തിനും എതിരാണ്.

അസ്ബാബിൽ മാത്രം പൂർണമായി വിശ്വാസമർപ്പിക്കലും ഭരമേൽപ്പിക്കലും തൗഹീദിന് വിരുദ്ധവും ശിർകുമാണ്. ശരീരത്തെ അസ്ബാബിനോടൊപ്പവും ഹൃദയത്തെ അല്ലാഹുവിനോടൊപ്പവും നിർത്തലാണ് തൗഹീദും തവക്കുലും.

അസ്ബാബിന്റെ ഉപയോഗത്തിൽ അതിവാദ (ഗുലുവ്വ്) വും ലോപവാദ (തഖ്സീർ) വുമുണ്ട്. സഹധർമ്മിണിയുമായി ഇണചേരാതെ കുഞ്ഞിനെ പ്രതീക്ഷിക്കലും, അധ്വാനിക്കാതെ വിഭവങ്ങളാശിക്കലും അസ്ബാബിലെ ലോപവാദമാണ്. നിസ്കാരത്തിൽ

ഖുർആൻ പാരായണം ചെയ്യുമ്പോൾ അല്ലാഹു ഏകിയ അനുഗ്രഹങ്ങളെയും കടാക്ഷങ്ങളെയും സഹായങ്ങളെയും ഹൃദയത്തിൽ സ്മരിക്കേണ്ടതിന് പകരം, സ്വസ്വരമാധുരിയിലും തന്റെ മനഃപാഠ ശേഷിയിലും, ബൗദ്ധിക നൈപുണ്യത്തിലും അഭിമാനം കൊള്ളുകയും വിശ്വാസമർപ്പിക്കുകയും ചെയ്യുന്നത് അസ്ബാബിലെ അതിവാദമാണ്. അത് ലഘു ബഹുദൈവത്വ (ശിർകുൽ അസ്ഗർ) വും തൗഹീദുർറുബൂബിയ്യയിലെ ന്യൂനത (നഖ്സ്) യുമാണ്.

അതിന്റെ അവകാശത്തോടു കൂടി തവക്കുൽ ചെയ്യൽ പ്രയാസമേറിയ കാര്യമാണ്. അതുകൊണ്ടാണ് തവക്കുൽ ചെയ്യുന്നവരുടെ ശ്രേഷ്ഠതയെ കുറിച്ച് പ്രവാചകൻ ഇങ്ങനെ സൂചിപ്പിച്ചത്, "എന്റെ സമുദായത്തിലെ എഴുപതിനായിരം പേർ വിചാരണയേതുമില്ലാതെ സ്വർഗത്തിൽ പ്രവേശിക്കും"

അസ്ബാബ് സ്വീകരിക്കുകയും ഹൃദയത്തെ അല്ലാഹുവുമായി ബന്ധിപ്പിക്കുകയും ചെയ്യുന്നതോടെ മുതവക്കിലിന്റെ മനസ്സിന് ശാന്തത കൈവരുന്നു. ശത്രുവുമായുള്ള പോരാട്ടത്തിൽ ഒരാൾ സുശക്തമായ ഒരു സുരക്ഷിത ദുർഗത്തിൽ അഭയം തേടുന്നു. അയാളെ തേടിയെത്തുന്ന ശത്രു വ്യൂഹത്തിൽ നിന്നയാൾ അങ്ങനെ

സുരക്ഷിതനായിത്തീരുന്നു. അതോടെ അയാൾക്ക് മനസ്സമാധാനവും ചിത്തശാന്തിയും ലഭിക്കുന്നു. ഇതേ സുരക്ഷിതത്വവും മനശ്ശാന്തിയുമാണ് കാര്യങ്ങൾ അല്ലാഹുവിൽ ഭരമേൽപ്പിക്കുന്ന വിശ്വാസിക്ക് സ്വന്തമാക്കുന്നത്.

ഒരു ഭൃത്യന് താൻ സ്വരൂപിച്ച സഞ്ചിതസ്വത്തപ്പാടെ ജീവിത യാത്രയിലെവിടെയോ വെച്ച് വിനഷ്ടമായിപ്പോകുന്നു. തന്റെ അധ്വാനഫലങ്ങളും ആർജിതാർത്ഥങ്ങളും വിനഷ്ടമായതിൽ ഖിന്നതനായ അയാളെ തന്റെ ഉടമ സമാശ്വസിപ്പിക്കുന്നു. കളഞ്ഞുപോയതിനെ കുറിച്ചോർത്ത് ദുഃഖിച്ചിരിക്കരുതെന്നും, കൈമോശം വന്നതിനെയോർത്ത് വ്യാകുലപ്പെടേണ്ടതില്ലെന്നും, നഷ്ടപ്പെട്ടത്തിലേറെ സമ്പാദ്യം താൻ തിരിച്ചു നൽകാമെന്നും ഉടയോൻ അയാളെ ആശ്വസിപ്പിക്കുന്നു. ആ വാഗ്ദാനം ഭൃത്യന് മനശ്ശാന്തിയും സാന്ത്വനവുമായി മാറുന്നു. അല്ലാഹുവിൽ ഭരമേൽപ്പിച്ച അടിമയുടെ അവസ്ഥയും ഇതേപോലെയാണ്. മാതാവിന്റെ മുലപ്പാൽ നുകരുന്ന കുഞ്ഞ്, ആ മാറിലെ ഊഷ്മാവും സ്വസ്ഥതയും ആസ്വദിച്ച് എത്ര ശാന്തമായാണോ കഴിയുന്നത്, അതേപോലെയാണ് അല്ലാഹുവിൽ ഭരമേൽപ്പിക്കുന്നവന്റെ അവസ്ഥ.

സ്രഷ്ടാവും രക്ഷിതാവുമായ അല്ലാഹുവെ കുറിച്ച സദ്വിചാര (ഹുസ്നുദ്ദൻ) വും അവനിലുള്ള പ്രതീക്ഷ (റജാഅ്) യും തവക്കുലിന്റെ താക്കോലുകളാണ്. സുകൃതങ്ങളിൽ അഭിരമിക്കുകയും അതിനു വേണ്ട അനുവദനീയ അസ്ബാബ് സ്വീകരിക്കുകയും ചെയ്യുമ്പോൾ മാത്രമേ അല്ലാഹുവിൽ നിന്ന് നമുക്ക് ഉത്തമമായത് പ്രതീക്ഷിക്കാനാവുക.

**"വിശ്വസിക്കുകയും സ്വദേശം വെടിയുകയും അല്ലാഹുവിന്റെ മാർഗത്തിൽ ജിഹാദിൽ ഏർപ്പെടുകയും ചെയ്തവരാരോ അവർ അല്ലാഹുവിന്റെ കാരുണ്യം പ്രതീക്ഷിക്കുന്നവരാകുന്നു"** (2 : 218). വിശ്വസിക്കാത്തവരും ജിഹാദ് ചെയ്യാത്തവരും അല്ലാഹുവിൽ നിന്നുള്ള ദയാവായ്പിനെ കുറിച്ച ശുഭപ്രതീക്ഷ വെച്ച് പുലർത്തേണ്ടതില്ലെന്നാണ് സൂചന. അവരതിനർഹരല്ല തന്നെ. അതായത്, അല്ലാഹുവിന്റെ വിധിവിലക്കുകളിലും നിമിത്തങ്ങളിലും ബാഹ്യവും ആന്തരികവുമായ കർമങ്ങളനുഷ്ഠിക്കാത്തിടത്തോളം നാം അല്ലാഹുവിൽ ശുഭപ്രതീക്ഷ പുലർത്തേണ്ടതില്ല. സുകൃതങ്ങളൊന്നും ചെയ്യാതെ അല്ലാഹുവിൽ പ്രതീക്ഷ പുലർത്തിക്കൊണ്ടേയിരിക്കുകയെന്നത് പ്രതീക്ഷ

(റജാഅ്) യേയല്ല, വ്യാമോഹ (മുൻയ) മാണ്. അതാണെങ്കിൽ വിഡ്ഢികളുടെ അടയാളവും.

അല്ലാഹുവിന്റെ ക്രമീകരണങ്ങൾക്കു മുന്നിൽ വിധേയത്വവും സമർപ്പണവും പ്രകടിപ്പിക്കണം. മനസ്സിലങ്കുരിക്കുന്ന തിരിച്ചറി (മഅരിഫ) വല്ല, മറിച്ച് ശാരീരികമായ കർമസാക്ഷ്യമാണ് ഇവിടെയുണ്ടാകേണ്ടത്. ഇടപാടുകളും കർമങ്ങളും പൂർണമായി അല്ലാഹുവിനുള്ള അർപ്പണമാക്കി പരിവർത്തിപ്പിക്കുകയാണ് വേണ്ടത്. തന്നെ കൊണ്ട് ആവാത്ത ഒരു കാര്യം സാധ്യമാക്കാൻ കുഞ്ഞു തന്റെ പിതാവിനെ അത് ഏൽപ്പിച്ച് കൊടുക്കുന്നത് പോലെയാണത്. കാരണം, ആ കുഞ്ഞിനറിയാം തനിക്ക് ചെയ്യാനാകാത്ത ഇൗ കാര്യം തന്റെ പിതാവിനേ ചെയ്യാനാവൂയെന്ന്.

ദൈവ തീരുമാന (ഖദാഅ്) ങ്ങൾ എന്ത് തന്നെയായാലും അഹിൽ സംതൃപ്തനാകുവാൻ വിശ്വാസി പാകപ്പെടണം. ഖദറിൽ രേഖപ്പെടുത്തപ്പെട്ട കാര്യങ്ങൾ സംഭവിക്കുന്നതിന് മുൻപ് വരെയാണ് തവക്കുലിന്റെ ഘട്ടങ്ങൾ. ഖദറിൽ രേഖപ്പെടുത്തപ്പെട്ട കാര്യങ്ങൾ സംഭവിച്ചതിന് ശേഷം ശാന്തമായി വിധിക്ക് കീഴടങ്ങുന്ന സംതൃപ്താവസ്ഥയാണ്. അല്ലാഹുവിന്റെ

തീരുമാനങ്ങൾ എന്തു തന്നെയായാലും സമ്പൂർണ തൃപ്തിയോടെ വഴങ്ങലാണത്. ഗുണകരമായത് നേടിയെടുക്കുന്നതിന്റെയും ദോഷകരമായതിൽ നിന്നകലം സ്വീകരിക്കുന്നതിന്റെയും ഫലമായി നമ്മുടെ ഖദറിൽ സംഭവിക്കുന്നതെന്തു തന്നെയായാലും നാം ക്ഷമ പുലർത്തുകയും നന്ദി പ്രകടിപ്പിക്കുകയും ചെയ്യലാണ് വിധിയിലുള്ള സംതൃപ്തി അഥവാ ***രിദാഉൻ ബിൽ ഖദാഅ്***.

നമുക്ക് വിധിച്ചത് നമ്മിൽ സംഭവിക്കുന്നതിന് മുൻപ് മുതവക്കിലായിരുന്ന നാം, വിധിച്ചത് സംഭവിച്ച ശേഷം അനിവാര്യമായും 'വിധിയിലുള്ള സംതൃപ്തി' യെ അഭിമുഖീകരിക്കുകയെന്ന സ്വബ്റിന്റെ തലത്തിലേക്കെത്തുകയാണ്. **"ക്ഷമിക്കുകയും തന്റെ രക്ഷിതാവിൽ തവക്കുൽ ചെയ്യുകയും ചെയ്തവൻ"** (16 : 42). തൃപ്ത ചിത്തനായിവിധിയെ സമീപിക്കുക മാത്രമാണ് വിജയ മാർഗം. വിജയി അല്ലാഹുവോട് കൃതജ്ഞതയുള്ളവനായിരിക്കണം. പരാജിതന് കൂട്ടിനുള്ളത് അഹങ്കാരവും താൻപോരിമയുമാണ്. കാരണം, തന്റെ കഴിവിലായിരുന്നു അവൻ തവക്കുൽ ചെയ്തത്. അവന്റെ പരാജയ ഹേതു അക്ഷമ, അലസത, സന്താപം, വ്യാകുലത, കൃതഘ്നത ഒക്കെയായിരുന്നു. അവൻ കാരണങ്ങളിൽ പ്രതീക്ഷ പുലർത്തി. **"മർത്യന് നാം നമ്മുടെ കാരുണ്യമനുഭവിപ്പിക്കുകയും പിന്നീട്**

**അതവനിൽ നിന്നെടുത്ത് മാറ്റുകയും ചെയ്താൽ അവനതാ മോഹഭംഗനായ നിഷേധിയായി മാറുന്നു. എന്നാൽ ആപത്ക്കാലാനന്തരം നാം അവന് അനുഗ്രഹം ആസ്വദിപ്പിച്ചാലോ അവൻ പറയും, 'കഷ്ടകാലം എന്നെ വിട്ടൊഴിഞ്ഞു'. അവൻ ആമോദോന്മത്തനാവുകയും അഹങ്കാരത്തോടെ വീമ്പടിക്കുകയും ചെയ്യും. ക്ഷമാശാലിയും സുകൃതിയുമൊഴിച്ച്, അവർക്ക് പാപമോചനവും പ്രതിഫലവുമുണ്ട്"** (11 : 9 - 11).

അല്ലാഹു വിധിച്ചത് സംഭവിച്ചതിന് ശേഷം നാം കൈക്കൊള്ളേണ്ടതായ ക്ഷമയും ദൈവ വിധിയിലെ തൃപ്തിയും, ആ വിധിച്ചത് സംഭവിക്കുന്നതിന് മുൻപ് അനുവർത്തിക്കേണ്ട തവക്കുലും പരസ്പര പൂരകങ്ങളാണ്. അതിലൊന്നിന്റെ അഭാവം സ്വാഭാവികമായി രണ്ടാമത്തേതിന്റെ അഭാവത്തിന് നിമിത്തമായിത്തീരുകയും ചെയ്യും.

തവക്കുലും സഹാർത്ഥന (ഇസ്തിആന) യും തൗഹീദുർറുബൂബിയ്യയുടെ പേരാണ്. ഒരു വിശ്വാസി അല്ലാഹുവെ ഗുണദോഷങ്ങളുടെ യതാർത്ഥ അധിപനായും, സ്വന്തത്തെ അവന്റെ അനുസരണവും വിധേയത്വവുമുള്ള അടിമയായും അംഗീകരിക്കുകയാണെങ്കിൽ, താനുൾപ്പെടുന്ന

സൃഷ്ടികളുടെ കഴിവും പ്രാപ്തിയും ന്യൂനതയും ദൗർബല്യവും തിരിച്ചറിയേണ്ടതുണ്ട്. അകൃത്യങ്ങളിൽ നിന്നകന്നു നിൽക്കാനുള്ള ശേഷിയും, സുകൃതങ്ങളിൽ അഭിരമിക്കാനുള്ള കഴിവും, ദൈവസഹായവും കടാക്ഷവും കൊണ്ടു മാത്രമേ സാധ്യമാകൂയെന്ന *'ലാ ഹൗല വ ലാ ഖൂവ്വത ഇല്ലാ ബില്ലാ'* യുടെ യാഥാർഥ്യം അവനു ബോധ്യമാവണം. എന്നല്ല, ഇൗ അടിസ്ഥാന തത്വത്തെ സദാ സ്മൃതിമണ്ഡലത്തിൽ സജീവമാക്കി നിലനിർത്തണം. അല്ലാഹു ഉദ്ദേശിച്ചത് മാത്രമേ സംഭവിക്കൂ എന്നും, സൃഷ്ടികൾ എത്രത്തോളം എന്തൊക്കെ ആശിച്ചാലും ഒന്നുമൊട്ടും സംഭവിക്കാൻ പോകുന്നില്ലെന്നും അവനറിയുന്നു. മുഹമ്മദ് ബിൻ സുലയ്മാൻ പറയുന്നു, "അല്ലാഹുവെ കൂടാതെ ഒന്നിനെയും ഗുണദോഷങ്ങളുടെ അധിപനായി നിന്റെ ഹൃദയം വിചാരിക്കാതിരിക്കുകയും, ഭവിക്കുന്നതെന്തും അനിഷ്ടങ്ങൾ തെല്ലുമില്ലാതെ സ്വീകരിക്കലുമാണ് തവക്കുൽ" (അസ്സുഹുദ് ഇൻദ സ്സലഫിയ്യ, താൾ 111).

അനുവദനീയവും അഭികാമ്യവുമായ ഓരോ കാര്യത്തിലും കാര്യകാരണങ്ങളുടെ മാധ്യമ (അസ്ബാബ്) ങ്ങൾ സ്വീകരിച്ചു കൊണ്ട് തന്നിലർപ്പിതമായ ഉത്തരവാദിത്വം യഥാവിധി നിർവഹിക്കുകയും, കാര്യങ്ങളുടെ അനന്തര ഫലത്തെ അല്ലാഹുവിലേക്ക് ഭരമേൽപ്പിക്കുകയും ചെയ്യുക

മാത്രമാണ് വിശ്വാസി ചെയ്യേണ്ടത്. യാതൊരു സംശയവും സന്ദേഹവും കൂടാതെ, അറച്ചും മടിച്ചും നിൽക്കാതെ, അല്ലാഹു അല്ലാത്ത സകലതിലുമുള്ള പ്രതീക്ഷയും വിശ്വാസവും ഉപേക്ഷിച്ച്, അഹങ്കാരവും താൻപോരിമയും അഹംബോധവും ത്യജിച്ച്, താൻ കൈക്കൊണ്ട അസ്ബാബിന്റെ ഏറ്റക്കുറച്ചിലുകൾ ഗൗനിക്കാതെ, ആശ്രിതത്വമപ്പാടെ കാര്യകാരണങ്ങളുടെ രക്ഷിതാവായ അല്ലാഹുവിലേക്ക് ചേർത്തു വയ്ക്കുക..... അങ്ങനെ തവക്കുലിന്റെ ഈ മൂർത്ത രൂപം കൈക്കൊണ്ടവന് എന്തിനും അല്ലാഹു മതിയാവുന്നതാണ്. ആർക്ക് അല്ലാഹു മതിയാവുന്നോ, അയാൾ ഏറ്റവും ശക്തനും പ്രബലനുമായിത്തീരുന്നു. അതുകൊണ്ടാണ് ***'ജനങ്ങളിൽ സുശക്തനായിരിക്കുവാൻ ആഗ്രഹിക്കുന്നവൻ അല്ലാഹുവിൽ തവക്കുൽ ചെയ്യട്ടെ'*** യെന്ന പുണ്യ വചനമുണ്ടായത്.

## അബ്ദുൽ ഹകീം ഹസൻ

07 മുഹർറം 1440

16 സെപ്തംബർ 2018

തവക്കുൽ